www.malankaralibrary.com

# മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനം
## (എം.സി.വൈ.എം.)
## സഭാതല സമിതി

# Theme 2024

## Youth, Pilgrims of Hope
## യുവജനങ്ങൾ, പ്രത്യാശയുടെ തീർത്ഥാടകർ

www.malankaralibrary.com

# Youth, Pilgrims of Hope

**യുവജനങ്ങൾ, പ്രത്യാശയുടെ തീർത്ഥാടകർ**

*Theme for Youth Ministry in the Malankara Syrian Catholic Church*

*Prepared by*

**Rev. Dr. Prabheesh George**
Director, Global MCYM

*Logo designed by*

Mr. Githin, Vettiyar

*Published by*

MCYM, Central Secretariate,
Major Archiepiscopal Curia
Catholicate Centre

February 2024

www.malankaralibrary.com

# യുവജനങ്ങൾ, പ്രത്യാശയുടെ തീർത്ഥാടകർ

## ആമുഖം

ദൈവം മനോഹരമായി സൃഷ്ടിച്ച ഈ ലോകത്തിന്റെ താളംതെറ്റിക്കുന്ന മഹാമാരികളും യുദ്ധക്കെടുതികളും പ്രകൃതിക്ഷോഭങ്ങളും മനുഷ്യമനസ്സുകളിലുണ്ടാക്കുന്ന അനന്തരഫലങ്ങൾ പലപ്പോഴും നാം വിചാരിക്കുന്നതിനേക്കാൾ ഭീകരമാണ്. കോവിഡ്-19 മഹാമാരി സൃഷ്ടിച്ച ആഘാതത്തിൽ നിന്ന് ലോകം ഇതുവരെ പൂർണമായി വിമുക്തമായിട്ടില്ല. കോവിഡു കാലഘട്ടം മനുഷ്യഹൃദയങ്ങളിൽ നിറച്ച നിരാശയുടെ കാർമേഘം ഇനിയും നീങ്ങി പോയിട്ടില്ല എന്നതാണ് സത്യം. ഈ നിരാശ ഏറ്റവുമധികം ബാധിച്ചത് യുവമനസ്സുകളെയാണ്. ഈ പശ്ചാത്തലത്തിലാണ്, സഭയുടേയും സമൂഹത്തിന്റേയും പ്രത്യാശയായ യുവജനങ്ങൾ ഈ കാലഘട്ടത്തിൽ "പ്രത്യാശയിൽ സന്തോഷിക്കുന്ന" (റോമാ 12:12) തീർത്ഥാടകരായി തീരണമെന്ന് 2023 വർഷത്തിലെ 38-ാമത് ലോകയുവജനദിന സന്ദേശത്തിൽ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്യുന്നത്.

ക്രിസ്തീയ ജീവിതം ക്രിസ്തുവിൽ രൂഢമൂലമായതും പ്രത്യാശയിൽ നിലനിൽക്കുന്നതും സ്നേഹത്തിലും ഉപവിപ്രവർത്തികളിലും ജീവിക്കുന്നതാണ്. ഉത്ഥിതനായ ക്രിസ്തുവിൽ അടിസ്ഥാനപ്പെടുത്തിയിരിക്കുന്ന അത് മുഴുവൻ പ്രത്യാശാഭരിതമാണ്. ദൈവീക പുണ്യങ്ങളിൽ കാലിക പ്രസക്തമായ ഒരു ദൈവീകപുണ്യമാണ് പ്രത്യാശ. മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ 2024 വർഷത്തെ യുവജന പ്രവർത്തനങ്ങളുടെ ദർശനരേഖയായ പഠന വിഷയമാണ്: *യുവജനങ്ങൾ പ്രത്യാശയുടെ തീർത്ഥാടകർ*. അതിനർത്ഥം, സമകാലീന ലോകത്തിന് പ്രകാശം പകർന്നുകൊടുക്കേണ്ട യുവജനങ്ങളുടെ ഒന്നിച്ചുള്ള പ്രയാണം (സുന്നഹദോസ് ശൈലി) പ്രത്യാശാഭരിതമായിരിക്കണം. അവരുടെ ഒന്നിച്ചുള്ള തീർത്ഥാടനത്തിന്റെ ലക്ഷ്യം പ്രത്യാശ നിറഞ്ഞ സന്തോഷമായിരിക്കണം.

www.malankaralibrary.com

## 1. പ്രത്യാശയുടെ അടിസ്ഥാനം ക്രിസ്തുവാണ്

നാം ജീവിക്കുന്ന ലോകം സങ്കീർണവും വികാര സമ്മിശ്രവുമാണ്. ഒരു വശത്ത് യുവജനങ്ങളുടെ പ്രത്യാശകളെയും സ്വപ്നങ്ങളെയും പ്രചോദിപ്പിക്കുന്ന അനേകം മനോഹരമായ യാഥാർത്ഥ്യങ്ങളുണ്ട്: സൃഷ്ടപ്രപഞ്ചത്തിന്റെ സൗന്ദര്യം, സുഹൃത്തുക്കളും സ്നേഹിതരുമായുള്ള ബന്ധങ്ങൾ, സംസ്ക്കാരവും ശാസ്ത്രവും സാങ്കേതിക വിദ്യയുമായുള്ള കണ്ടുമുട്ടലുകൾ, നീതിക്കും സമാധാനത്തിനും സാഹോദര്യത്തിനും വേണ്ടിയുള്ള നമ്മുടെ പരിശ്രമങ്ങൾ, മുതലായവ. അതേസമയം മറുവശത്ത്, യുദ്ധങ്ങൾ, കലഹങ്ങൾ, അഴിമതി, ഭീഷണിപ്പെടുത്തലുകൾ, മറ്റുതരത്തിലുള്ള ബുദ്ധിമുട്ടുകൾ, മുതലായ അവരെ നിരാശയിലേയ്ക്കും ഭയത്തിലേയ്ക്കും വിഷാദത്തിലേയ്ക്കും (despair, fear and depression) തള്ളിയിടുന്ന കഠിനമായ ജീവിത അനുഭവങ്ങളുമുണ്ട്. വൈരുദ്ധ്യമാർന്ന ഈ ജീവിതാനുഭവങ്ങളാണ് 'പ്രത്യാശ എവിടെ?' എന്ന ചോദ്യം ഉയർത്താൻ യുവജനങ്ങളെ നിർബന്ധിക്കുന്നത്. സഹനത്തിന്റെ തീച്ചൂളയിലൂടെ കടന്നുപോയ ജോബ് ചോദിച്ച ഒരു ചോദ്യം ഇന്ന് പല യുവജനങ്ങളുടെയും ഉള്ളിൽ മുഴങ്ങുന്നുണ്ട്, "എന്റെ പ്രതീക്ഷ എവിടെ? എന്റെ പ്രത്യാശ ആരു കാണും?" (ജോബ് 17:15).

ജീവിതത്തിന്റെ ഇരുണ്ട ജയിലറകളിലായിരിക്കുന്ന അനുഭവം, പ്രത്യാശയുടെ പൊൻവെളിച്ചം തങ്ങളുടെ ജീവിതത്തിൽ ഒരിക്കലും പ്രകാശിക്കില്ല എന്ന ചിന്ത ഉണർത്തുന്നു. കഠിനമായ നിരാശയുടെ പ്രകടമായ അടയാളമാണ് യുവജനങ്ങളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന ആത്മഹത്യകൾ. നാളെയെക്കുറിച്ചുള്ള പ്രത്യാശാഭരിതമായ സ്വപ്നം അവർക്ക് നഷ്ടമാകുമ്പോൾ, സ്വന്തം ജീവിതത്തെ അവസാനിപ്പിക്കാനുള്ള തീരുമാനത്തിൽ നമ്മുടെ യുവജനങ്ങൾ വളരെ വേഗം എത്തിച്ചേരുന്നു.

നിരാശയുടെ തീവ്രത നാം കൂടുതലായി അനുഭവിക്കുന്നത് ഏകാന്തതയിലാണ്: സംസാരിക്കാൻ ആരുമില്ല; കേൾക്കാൻ ആരുമില്ല. ആൾക്കൂട്ടത്തിൽ ഒറ്റപ്പെട്ട അനുഭവം ശ്വാസം മുട്ടിക്കുന്ന നിരാശയിലേയ്ക്ക് നമ്മെ തള്ളിവിടും. ബനഡിക്ട് 16-ാമൻ മാർപാപ്പാ പറയുന്നു: "ദൈവം ഇപ്പോഴും എന്നെ ശ്രവിക്കുന്നു. എനിക്ക് ആരോടും സംസാരിക്കാൻ സാധിക്കാത്തപ്പോഴും, ആരെയും വിളിക്കാൻ സാധിക്കാത്തപ്പോഴും ദൈവത്തോട് എനിക്ക് സംസാരിക്കാൻ സാധിക്കും" (Pope Benedict

www.malankaralibrary.com

XVI, *Spe Salvi*, 32). ഏതു സാഹചര്യത്തിലും എന്നെ കേൾക്കുന്ന, എന്നോട് സംസാരിക്കുന്ന ഒരു ദൈവം. എന്റെ ചിന്തകളുടേയും ഭാവന കളുടേയും അവസാനത്തിൽ എന്നെ കണ്ടുമുട്ടുന്ന ഒരു ദൈവം. ഇതാണ് നമ്മുടെ പ്രത്യാശയുടെ അടിസ്ഥാനം.

പാപത്തിന്റെ അന്ധകാരത്തിൽ ഇരുളടഞ്ഞുപോയ ഒരു ലോകത്തിൽ പ്രത്യാശയുടെ പൊൻവെളിച്ചമായിട്ടാണ് ക്രിസ്തു പിറന്നത്. പൂർണ ദൈവവും പൂർണ മനുഷ്യനുമായ ക്രിസ്തു തന്നെയാണ് നമ്മുടെ ഹൃദയങ്ങളിൽ പ്രത്യാശയുടെ കിരണങ്ങൾ തൂകുന്നത്. നിരാശാ ജന കമായ ഏതു സാഹചര്യത്തേയും അനുഭവത്തേയും പരിവർത്തനപ്പെടു ത്താൻ ശക്തനായ ക്രിസ്തു നമ്മിൽ നിറയ്ക്കുന്ന പ്രത്യാശ നിത്യമായ സന്തോഷം പ്രദാനം ചെയ്യുന്നു. അതുകൊണ്ടാണ് സഭ പഠിപ്പിക്കുന്നത്, ക്രിസ്തു തന്നെയാണ് നമ്മുടെ പ്രത്യാശയുടെ അടിസ്ഥാനം എന്ന്.

ക്രിസ്തുവിൽ ലഭിക്കുന്ന പ്രത്യാശ സ്വന്തമാക്കണമെങ്കിൽ യുവജന ങ്ങളുടെ ശ്രദ്ധ അവനിൽ തന്നെയായിരിക്കണം. ലോകത്തിന്റെ നാശ ത്തിലേയ്ക്കോ തിന്മയിലേയ്ക്കോ അല്ല നമ്മുടെ ദൃഷ്ടികൾ പതിയേ ണ്ടത്. പിന്നെയോ, എല്ലാറ്റിനേയും പരിവർത്തനപ്പെടുത്താൻ ശക്ത നായ ക്രിസ്തുവിലായിരിക്കണം എപ്പോഴും നമ്മുടെ ശ്രദ്ധ. കാൽവരി മലമുകളിൽ അർപ്പിച്ച നിത്യബലിയിലൂടെ പാപത്തേയും മരണത്തേയും സാത്താനെയും വിജയിച്ച ക്രിസ്തുവിൽ സകല നിഷേധാത്മക അനു ഭവങ്ങളേയും പരിവർത്തനപ്പെടുത്തുന്ന ശക്തിയുണ്ടെന്ന് നാം ഉറച്ചു വിശ്വസിക്കണം; ഇരുട്ടിന് കോട്ടക്കെട്ടുന്ന സകല കല്ലറകളെയും ഭേദി ക്കാൻ ശക്തനായ ഒരു ദൈവം. അവൻ വിദൂരസ്ഥനല്ല, സമീപസ്ഥനാ ണ്. അവൻ ഇമ്മാനുവേലാണ്. അതുകൊണ്ട് ഫ്രാൻസിസ് മാർപാപ്പാ, തന്റെ സന്ദേശത്തിൽ, എല്ലാ യുവജനങ്ങളെ ഓർമപ്പെടുത്തുന്നു: “യുവ ജനങ്ങൾ വഹിക്കുന്ന കുരിശുകളുടെ മദ്ധ്യത്തിലും യേശു തന്റെ സാന്നിദ്ധ്യം അനുഭവവേദ്യമാക്കുന്നു; അവന്റെ സൗഹൃദവും, അവന്റെ ആശ്വാസവും അവന്റെ സൗഖ്യദായകമായ കൂട്ടായ്മയും അവർക്ക് വച്ചു നീട്ടുന്നു” (Christus Vivit, 83). യുവജനങ്ങൾ അഭിമുഖീകരിക്കുന്ന എല്ലാ സാഹചര്യങ്ങളിലും, അവ എത്ര ക്ലേശം നിറഞ്ഞതാണെങ്കിലും, ക്രിസ്തു നമ്മുടെ കൂടെയുണ്ട്, ഒരു സുഹൃത്തായി. അവിടുന്ന് നമ്മെ ആശ്വസി പ്പിക്കുകയും മുന്നോട്ടുള്ള പ്രയാണത്തിൽ നമ്മെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. നമ്മുടെ പ്രത്യാശ ഇതല്ലാതെ മറ്റൊന്നുമല്ല.

www.malankaralibrary.com

## 2. പ്രത്യാശയുടെ പശ്ചാത്തലം പ്രാർത്ഥന

ഉത്ഥിതനായ ക്രിസ്തുവിനെ കണ്ടുമുട്ടുന്നവർക്ക് മാത്രമേ പ്രത്യാശയുടെ അനുഭവത്തിൽ വളരാൻ സാധിക്കുകയുള്ളൂ. പ്രാർത്ഥനയിലാണ് ഉത്ഥിതനായ ക്രിസ്തുവിന്റെ ലോകത്തിലെ സജീവ സാന്നിധ്യം നാം തിരിച്ചറിയുന്നതും അനുഭവിക്കുന്നതും. പ്രത്യാശയുടെ പശ്ചാത്തലം എപ്പോഴും പ്രാർത്ഥനയാണ്. യഥാർത്ഥത്തിൽ, ഇക്കാരണത്താലാണ്, പ്രാത്ഥനയുടെ അസാന്നിധ്യത്തിൽ ഒരാൾക്ക് നിരാശയിൽ നിന്ന് പുറത്തു കടക്കാൻ സാധിക്കാത്തത്. ദൈവത്തേയും ദൈവീക കാര്യങ്ങളെയും ഉപേക്ഷിക്കുന്നവർക്ക് ക്രിസ്തുവിനെ കണ്ടെത്താനോ പ്രതിസന്ധികളെ പ്രത്യാശാഭരിതമായി തരണം ചെയ്യാനോ സാധിക്കുകയില്ല. ഈ കാലഘട്ടത്തിലെ യുവജനങ്ങൾ കടുത്ത നിരാശയിലേയ്ക്ക് വഴുതി വീഴാനുള്ള കാരണവും പ്രാർത്ഥനാ ജീവിതത്തിന്റെ അഭാവം തന്നെയാണ്.

നമ്മുടെ ഇടവക ദൈവാലയത്തിലും അതുപോലെ, ഭവനങ്ങളിലും നമുക്ക് സമൂഹ പ്രാർത്ഥന ഉണ്ടായിരിക്കും, എന്നാൽ, വ്യക്തിപരമായ പ്രാർത്ഥന നമുക്കുണ്ടോ? അത് ക്രിസ്തുവും ഞാനും തമ്മിലുള്ള സംഭാഷണമാണ്. യഥാർത്ഥത്തിൽ, സമൂഹ പ്രാർത്ഥനയോടൊപ്പം വ്യക്തിപരമായ പ്രാർത്ഥനയും നടക്കുമ്പോൾ മാത്രമേ ആത്മീക ബോധ്യങ്ങൾ രൂപപ്പെടുകയുള്ളൂ. നാം ഓർക്കേണ്ട കാര്യം എന്തെന്നാൽ, ജീവിതത്തിലെ ഭൂരിഭാഗം പ്രതിസന്ധികളും വ്യക്തിപരമായതിനാൽ അതിനെ അഭിമുഖീകരിക്കേണ്ടത് ഓരോ വ്യക്തിയുമാണ്, എന്നാൽ ആത്മീക ബോധ്യത്തോടുകൂടിയായിരിക്കണം. ഏതൊരു വെല്ലുവിളി നിറഞ്ഞ സാഹചര്യത്തേയും അഭിമുഖീകരിക്കാൻ സഹായിക്കുന്നതും നിരാശയുടെ ഏതൊരു അനുഭവത്തേയും പ്രത്യാശയും സന്തോഷവുമായി പരിവർത്തനപ്പെടുത്താൻ നമ്മെ ശക്തരാക്കുന്നതും പ്രാർത്ഥനയിൽ പരിപോഷിപ്പിക്കപ്പെടുന്ന ക്രിസ്തുവുമായുള്ള സ്നേഹബന്ധമാണ്. ദൗർഭാഗ്യവശാൽ, പുതിയ തലമുറയിലെ ജനങ്ങൾ നിശബ്ദയുടേയും വ്യക്തിപരമായ പ്രാർത്ഥനയുടേയും ജീവിതത്തിൽ നിന്ന് വളരെ എളുപ്പത്തിൽ വ്യതിചലിക്കപ്പെടുന്നത്. അതുകൊണ്ട്, ഓരോ ദിവസവും വ്യക്തിപരമായ ആത്മീയ അഭ്യാസങ്ങളിലൂടെ നമ്മുടെ കർത്താവായ യേശുക്രിസ്തുവായി വ്യക്തിപരമായ ഒരു ബന്ധം കെട്ടിപ്പടുക്കാൻ നാം സമയം കണ്ടെത്തണം.

## 3. ക്രിസ്തുവിൽ നമ്മെ കണ്ടെത്തുക

പ്രത്യാശയിൽ സന്തോഷിക്കാൻ, ഓരോ വ്യക്തിയും ക്രിസ്തുവിനെ

www.malankaralibrary.com

വ്യക്തിപരമായി കണ്ടുമുട്ടണം. ആൾക്കൂട്ടത്തിൽ ഒഴുകിയാൽ ചില പ്പോൾ ബോധ്യങ്ങൾ കുറഞ്ഞുപോകാനിടയുണ്ട്. ഈ കണ്ടുമുട്ടൽ ക്രിസ്തുവിനെ കണ്ടുമുട്ടൽ മാത്രമല്ല, പിന്നെയോ, ക്രിസ്തുവിൽ നമ്മെ കണ്ടെത്തുന്ന ഒരു പ്രക്രിയകൂടിയാണ്. അനേകം യുവജനങ്ങൾ ക്രിസ് തുവിനെ കണ്ടുമുട്ടിയിട്ടുണ്ടെങ്കിലും ക്രിസ്തുവിൽ തങ്ങളെ കണ്ടെ ത്താതെ തങ്ങളുടെ പഴയ ജീവിതത്തിലേയ്ക്ക് തിരിച്ചു പോകുന്നത് നാം കാണുന്നുണ്ട്. ക്രിസ്തുവിന്റെ പരസ്യജീവിത കാലഘട്ടത്തിൽ ക്രിസ്തുവിനെ കണ്ടുമുട്ടിയ ധനികനായ യുവാവിനെക്കുറിച്ച് നാം സുവിശേഷങ്ങളിൽ വായിക്കുന്നുണ്ട് (മത്താ 19:16-30). ക്രിസ്തുവിൽ സ്വയം കണ്ടെത്താൻ വിമുഖത കാട്ടിയ അവൻ ജീവിതത്തെ പരിവർത്ത നപ്പെടുത്താവുന്ന കണ്ടുമുട്ടലിൽ നിന്നും തിരികെ നടന്നു. അവൻ ജീവി തത്തിൽ അമൂല്യമെന്ന് വിലകൽപിച്ച് കരുതിയ സമ്പത്തിനെക്കാളും അവന് വിലയുണ്ടെന്ന് ക്രിസ്തു പറഞ്ഞപ്പോൾ ആ സത്യം ഉൾക്കൊ ള്ളാൻ ആ യുവാവിന് സാധിച്ചില്ല. ജീവിതത്തിലെ വിലകെട്ടതിനെ ഉപേക്ഷിക്കാനുള്ള യേശുവിന്റെ വിലയേറിയ വചനം, സത്യത്തിൽ, അവൻ തൃണവത്ഗണിച്ചു. ഇത്തരം പ്രലോഭനങ്ങൾക്ക് യുവജനങ്ങൾ ഇന്നും വശംവദരാകുന്നുണ്ട്.

പാപത്തിന്റെ കളങ്കമേശാതെ പൂർണമനുഷ്യനായി ഈ ലോകത്തിൽ ജീവിച്ച ഏക വ്യക്തി പൂർണദൈവമായ ക്രിസ്തുവാണ്. നാം യഥാർത്ഥ മനുഷ്യനെ കണ്ടെത്തുന്നത് ക്രിസ്തുവിലാണ്. അതായത്, പാപസാ ഹചര്യത്തിൽ ജീവിക്കുന്ന മനുഷ്യന് അവന്റെ സ്വത്വം തിരിച്ചറിയൻ ക്രിസ്തുവിലേയ്ക്ക് നോക്കണം. നാം നമ്മെ ക്രിസ്തുവിൽ കണ്ടെത്തണം. നാം ആരാണെന്ന താത്വികമായ ചോദ്യത്തിന് കൃത്യമായ ഉത്തരം, ഓരോ മനുഷ്യനും മറ്റൊരു ക്രിസ്തുവല്ലാതെ (Alter Christus) മറ്റൊന്നുമല്ല, അതി നർത്ഥം ഓരോ മനുഷ്യനും ക്രിസ്തുവിന്റെ ഛായയിലാണ് സൃഷ്ടി ക്കപ്പെട്ടിരിക്കുന്നത്. ഇത് അല്പം കൂടി ആഴത്തിൽ ചിന്തിക്കുമ്പോൾ മന സ്സിലാകും, മറ്റൊരു ക്രിസ്തു, ക്രിസ്തു തന്നെയാണ് (Alter Christus ipse Christus) എന്ന്. സത്യത്തിൽ ദൈവം ക്രിസ്തുവിൽ നമ്മെ അവി ടുത്തെ പുത്രരായി തെരഞ്ഞെടുത്തു (എഫേ 1:3-4). ജീവിതത്തിൽ തങ്ങളുടെ സ്വത്വബോധം നഷ്ടമാകുന്ന യുവജനങ്ങൾ തീർച്ചയായും ക്രിസ്തുവിൽ തങ്ങളുടെ രൂപം കണ്ടെത്തണം. അതിന് ക്രിസ്തുവി ലേയ്ക്ക് മടങ്ങാൻ തയ്യാറാകണം.

www.malankaralibrary.com

## 4. പ്രത്യാശ പുതിയ സൃഷ്ടിയാകാനുള്ള വിളി

ക്രിസ്തുവിൽ സ്വയം കണ്ടെത്തുന്ന ഒരു വ്യക്തിക്ക് പുതിയ സൃഷ്ടിയാകാതിരിക്കാൻ സാധ്യമല്ല. ഒരാൾ ക്രിസ്തുവിനെ നോക്കുമ്പോഴെല്ലാം, ഞാൻ എന്ത് ആയിരിക്കുന്നു എന്നതും ഞാൻ എന്താണ് ആയിരിക്കേണ്ടതും തമ്മിലുള്ള വിടവ് അവൻ/ അവൾ കണ്ടെത്തുന്നു. യഥാർത്ഥത്തിൽ, ഇത് ക്രിസ്തുവിലുള്ള നമ്മുടെ സ്വയം കണ്ടെത്തലാണ്. ഈ തിരിച്ചറിവ് സ്വയപരിവർത്തനത്തിനുള്ള ആദ്യചവിട്ടുപടിയാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ, സ്വയം പരിവർത്തന വിധേയമാകാൻ മനസ്സുള്ളവർക്ക് മാത്രമേ ക്രിസ്തുവിൽ തങ്ങളെതന്നെ കണ്ടെത്താൻ സാധിക്കുകയുള്ളൂ. അതായത്, ഒരു സമൂലമായ പരിവർത്തനം സ്വന്തം ജീവിതക്രമത്തിൽ അനിവാര്യമാണെന്ന് തിരിച്ചറിഞ്ഞിട്ടും അത് അംഗീകരിക്കാൻ പറ്റാത്തവരാണ് പഴയ ജീവിതത്തിലേയ്ക്ക് തിരികെ നടക്കുന്നത്.

നഷ്ടബോധത്താൽ തിരികെ നടക്കുന്നവരല്ല, പ്രത്യാശയോടെ മുന്നോട്ട് പ്രയാണം ചെയ്യുന്നവരാണ് പ്രത്യാശയുടെ പ്രവാചകന്മാരായി തീരുന്നത്. അവരാണ് സമൂഹത്തിന് പ്രത്യാശ നൽകുന്നത്. സഭാചരിത്രത്തിൽ തങ്ങളുടെ ജീവിത ചുറ്റുപാടിൽ പ്രത്യാശയുടെ വെളിച്ചം പകർന്നുകൊടുത്ത അനേകരെ നമുക്ക് കാണാൻ സാധിക്കും. ആധുനിക കാലഘട്ടചരിത്രത്തിൽ ലോകം മുഴുവൻ ആദരിച്ച കൽക്കത്തയിലെ മദർ തെരേസ നിരാശയുടെ അന്ധകാരത്തിൽ പ്രത്യാശയുടെ ചെറുദീപമായി ജ്വലിച്ച നക്ഷത്രമായിരുന്നു. യുവത്വത്തിലായിരുന്ന ആ പെൺകുട്ടിയുടെ ചുറ്റിലുമുണ്ടായിരുന്നത് പിറക്കാനുള്ള അവകാശം നിഷേധിച്ച ഗർഭപാത്രങ്ങളും, മാതാപിതാക്കളുടെ സ്നേഹത്തിൽ ഇടം കിട്ടാതെ പോയ അനാഥ ബാല്യങ്ങളും, തെരുവീഥികളിൽ തളർന്നു വീണ വാർദ്ധക്യങ്ങളും – അവ അവളുടെ ഉള്ളിൽ നിരാശ മാത്രം നിറയ്ക്കാൻ മതിയായ ജീവിത യാഥാർത്ഥ്യങ്ങളായിരുന്നു. ഒരുപക്ഷേ, അവൾ അതിൽമാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു എങ്കിൽ അവളും നിരാശയുടെ അന്ധകാരത്തിൽ വീണുപോകുമായിരുന്നു. എന്നാൽ അവളുടെ ശ്രദ്ധ പതിഞ്ഞത് അൾത്താരയിൽ അനുദിനം മുറിയുന്ന ക്രിസ്തുവിലായിരുന്നു. മൗനമായ പ്രാർത്ഥനയിൽ ക്രിസ്തുവിൽ തന്നെതന്നെ അവൾ കണ്ടെത്തി. നിരാശയുടെ അന്ധകാരത്തിൽ പ്രത്യാശയുടെ ഒരു ദീപമായി തീരാനുള്ള 'വിളിക്കുള്ളിലെ വിളി' അവൾ തിരിച്ചറിഞ്ഞു. അതുമുതൽ കൊൽക്കത്തയുടെ ഇരുൾമൂടിയ തെരുവോരങ്ങളിൽ,

www.malankaralibrary.com

അനേകം ജീവിതങ്ങളിൽ പ്രത്യാശയുടെ സന്തോഷം വിതറിക്കൊണ്ട്, അവൾ നടത്തിയത് പ്രത്യാശയുടെ തീർത്ഥാടനമായിരുന്നു. ഇതാണ് ക്രിസ്തുവിൽ പുതിയ സൃഷ്ടിയാകുക എന്നു പറയുന്നത്.

## 5. പ്രത്യാശയിൽ സന്തോഷിക്കുവിൻ (റോമാ 12:12)

ക്രിസ്തുവിൽ ആരംഭിക്കുന്ന പുതിയ ജീവിതക്രമത്തിൽ നാം അനുവർത്തിക്കേണ്ട ജീവിത ശൈലിയെക്കുറിച്ച് റോമായിലെ സഭയ്ക്ക് വി. പൗലോസ് അപ്പസ്തോലൻ നൽകുന്ന പ്രബോധനമാണ് റോമാക്കാർക്ക് എഴുതിയ ലേഖനത്തിലെ 12-ാം അദ്ധ്യായത്തിന്റെ ഇതിവൃത്തം. നാം ആയിരിക്കുന്ന ജീവിതം അത് ദൈവം നമ്മോട് കാണിച്ച കാരുണ്യമാണ്. ഈ ദൈവീകകാരുണ്യം അനുസ്മരിച്ചുകൊണ്ട് ലോകത്തിന് അനുരൂപപ്പെടാത്ത ഒരു ജീവിതം നാം നയിക്കണം. ഈ പ്രബോധനത്തിൽ നാം കാണുന്നത്, ലോകസുഖത്തിൽ മുഴുകിയിരിക്കുന്ന ഒരു ജീവിതം ദൈവത്തിന് പ്രീതികരമാകണമെന്നില്ല എന്ന പൗലോസിന്റ ബോധ്യമാണ്: "നിങ്ങൾ ലോകത്തിന് അനുരൂപരാകരുത്; പ്രത്യുത, നിങ്ങളുടെ മനസ്സിന്റെ നവീകരണം വഴി രൂപാന്തരപ്പെടുവിൻ" (റോമാ 12:2). ലോകത്തോട് അനുരൂപപ്പെടാനുള്ള പ്രലോഭനത്തെ അതിജീവിക്കുന്നവർക്ക് മാത്രമേ സ്വർഗത്തിന്റെ ആനന്ദം അനുഭവിക്കാൻ സാധിക്കുകയുള്ളൂ. പ്രത്യാശയിൽ സന്തോഷിക്കാൻ, നിരാശയിലേയ്ക്കും നഷ്ടബോധത്തിലേയ്ക്കും നമ്മെ തള്ളിയിടുന്ന ജഡീകശക്തിക്കെതിരെ നാം നിരന്തരം നിലക്കൊള്ളണം.

വിശ്വാസത്തെ പ്രതി ക്രൂരമായ പീഢനങ്ങൾക്ക് വിധേമായ ഒരു സഭാസമൂഹത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടാണ് ഈ പ്രബോധനം വി. പൗലോസ് റോമായിലെ സഭയ്ക്ക് നൽകുന്നത്. മാനുഷികമായ രീതിയിൽ ചിന്തിക്കുമ്പോൾ ശരീരം നുറുങ്ങുന്നതും മരണത്തെ മുഖാമുഖം കാണുന്നതുമായ പീഢനങ്ങളിലൂടെ കടന്നുപോകുമ്പോൾ, എവിടെയാണ് യാഥാർത്ഥമായ സന്തോഷം? എന്ന ചോദ്യം അവരുടെ ഹൃദയങ്ങളിൽ അലയടിക്കുന്നത് സ്വാഭാവികമാണ്. അതിന് അദ്ദേഹം നൽകുന്ന ഉത്തരമാണ് "പ്രത്യാശയിൽ സന്തോഷിക്കുവിൻ." 2011-ൽ സ്പെയിനിലെ മാഡ്രിഡിൽ ഒന്നിച്ചുകൂടിയ യുവജനങ്ങളെ അഭിസംബോധന ചെയ്ത അവസരത്തിൽ ബനഡിക്ട് പതിനാറാമൻ പാപ്പാ ഇതേ ചോദ്യം യുവജനങ്ങളോട് ചോദിച്ചു: "എവിടെ നിന്നാണ് സന്തോഷം വരുന്നത്? എങ്ങനെ ഇത് വിവരിക്കും?" പാപ്പാ നൽകിയ ഉത്തരവും വളരെ വ്യക്തമാണ്. "തീർച്ചയായും, പല കാര്യങ്ങളും ഇവിടെ

www.malankaralibrary.com

പ്രവർത്തിക്കുന്നുണ്ട്. എന്നാൽ, വിശ്വാസത്തിൽ അടിസ്ഥിതമായ ഈ ഉറപ്പാണ് വളരെ നിർണായകമായ ഒന്ന്; ഞാൻ ആവശ്യമുള്ളവനാണ്. ചരിത്രത്തിൽ എനിക്ക് ഒരു നിയോഗമുണ്ട്. ഞാൻ സ്വീകരിക്കപ്പെട്ടു, ഞാൻ സ്നേഹിക്കപ്പെട്ടു." എനിക്ക് ഈ ലോകത്തിൽ നിവർത്തിയാക്കാൻ ഒരു നിയോഗമുണ്ടെന്ന തിരിച്ചറിവ് ഞാൻ എന്ന വ്യക്തിയുടെ നിലനിൽപ് മറ്റുള്ളവരുടേയും ആവശ്യമാണെന്ന ബോധ്യത്തിലേയ്ക്ക് എന്നെ നയിക്കുന്നു. ഏതു സാഹചര്യത്തിലും ഞാൻ ഈ ലോകത്തിൽ ഉണ്ടായിരിക്കണം എന്നത് ഓരോരുത്തരും ഹൃദയത്തിൽ സൂക്ഷിക്കേണ്ട പ്രത്യാശയാണ്.

ഞാൻ ആവശ്യമില്ലാത്തവനല്ല. ഞാൻ ഈ ലോകത്തിൽ ആയിരിക്കുന്നത് ആകസ്മികമായിട്ടല്ല; മറിച്ച്, ദൈവപദ്ധതിയുടെ ഭാഗമായിട്ടാണ്. ദൈവത്തിന്, എന്റെ സഹോദരങ്ങൾക്ക്, എന്റെ സുഹൃത്തുക്കൾക്ക്, എന്റെ സഹപാഠികൾക്ക്, എന്റെ സഹപ്രവർത്തകർക്ക്, എന്റെ അയല്പക്കക്കാർക്ക്, ഞാൻ കണ്ടുമുട്ടുന്ന എല്ലാവർക്കും എന്നെ ആവശ്യമുണ്ട്. ഞാൻ മറ്റുള്ളവർക്ക് സ്വീകാര്യനും മറ്റുള്ളവരാൽ സ്നേഹിക്കപ്പെടുന്നവനുമാകുമ്പോൾ എന്നിൽ നിറയുന്ന സന്തോഷമാണ് പ്രത്യാശയിലെ സന്തോഷം. ചുരുക്കത്തിൽ, ഞാൻ വിലമതിക്കപ്പെടുമ്പോഴാണ് എന്നിലെ സന്തോഷം പൂർണമാകുന്നത്.

## 6. സ്നേഹത്തിൽ വിരിയുന്ന പ്രത്യാശ

ഈ ലോകത്തിലെ വ്യക്തികൾക്കോ, സാധനങ്ങൾക്കോ സംഭവങ്ങൾക്കോ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്ന എന്റെ വില നിർണയിക്കാൻ സാധിക്കുമോ? എന്റെ വില നിർണയിക്കുന്നത് എന്താണ്? ഞാൻ ഉപയോഗിക്കുന്ന ഒരു സ്മാർട്ട് ഫോണാണോ? അതോ, ഞാൻ ഓടിക്കുന്ന ഒരു ബൈക്കോ കാറോ ആണോ? ഉത്തരം 'അതെ' ആണെങ്കിൽ, അത്തരം സാധനങ്ങൾ കിട്ടാതെ വരുമ്പോഴോ, നഷ്ടപ്പെടുമ്പോഴോ വലിയ നിരാശബോധം യുവജനങ്ങളുടെ ഉള്ളിൽ നിറയും. ഭൗതീക വസ്തുക്കൾക്ക് വേണ്ടി അവരുടെ മാതാപിതാക്കളോട് കലഹിക്കുകയും ജീവൻ അവസാനിപ്പിക്കുകയും ചെയ്യുന്ന യുവജനങ്ങൾ അവരുടെ ജീവനെ അവർ എന്തിനുവേണ്ടി മരിക്കാൻ ആഗ്രഹിക്കുന്നുവോ ആ ഭൗതീക വസ്തുക്കളേക്കാൾ വില കുറച്ചു കാണുന്നവരാണ്. സ്നേഹിക്കുന്നവരിൽ നിന്ന് സ്നേഹം കിട്ടാതെ വരുമ്പോഴും അവരെ എന്നന്നേയ്ക്കുമായി നഷ്ടമാകുമ്പോഴും ആ കാരണത്താൽ, സ്വന്തം ജീവിതത്തോട് 'നോ' പറയുമ്പോൾ അവരെ

www.malankaralibrary.com

വിലയേറിയതായി സ്നേഹിച്ച മാതാപിതാക്കളുടേയും സഹോദരങ്ങളുടേയും ഹൃദയത്തിൽ ഒരിക്കലും ഉണങ്ങാത്ത നൊമ്പരങ്ങൾ യുവജനങ്ങൾ കോറിയിടുകയാണ് ചെയ്യുന്നത്. യഥാർത്ഥത്തിൽ, അത്തരം യുവജനങ്ങളുടെ ഉള്ളിലെ പ്രത്യാശയുടെ നുറുങ്ങുവെട്ടം മങ്ങിപ്പോയി എന്നതാണ് സത്യം. യുവജനങ്ങൾ നിരന്തരം തങ്ങളോട് തന്നെ ചോദിക്കണം, ആവശ്യങ്ങൾക്ക് മാത്രമായി എന്നെ സ്നേഹിക്കുന്നവർക്ക് എന്റെ വില നിശ്ചയിക്കാൻ സാധിക്കുമോ? പരിധികളും വ്യവസ്ഥകളും കൂടാതെ എന്നെ സ്നേഹിക്കാൻ അവർക്കാകുമോ? അത്തരം സ്നേഹം ലഭിക്കാതെ വരുമ്പോൾ അവസാനിക്കേണ്ടതാണോ എന്റെ ജീവിതം?

ഞാൻ എന്ന വ്യക്തിയെ പൂർണമായി വിലമതിക്കുന്നതും പൂർണതയിൽ സ്നേഹിക്കുന്നതും ക്രിസ്തുവാണ്. അതുകൊണ്ടാണ് "അറിവിനെ അതിശയിക്കുന്ന ക്രിസ്തുവിന്റെ സ്നേഹ"ത്തെക്കുറിച്ച് (എഫേ 3:19) എഫേസോസുകാരോട് പൗലോസ് അപ്പസ്തോലൻ വാചാലമായി സംസാരിക്കുന്നത്. യഥാർത്ഥമായ സന്തോഷം മുളപൊട്ടുന്നത് പരിശുദ്ധമായ സ്നേഹത്തിൽ നിന്നാണ്. സ്നേഹമില്ലാത്ത ബന്ധങ്ങളിലും അനുഭവങ്ങളിലും സന്തോഷം അപൂർണമായിരിക്കും. എന്നെ സ്നേഹിക്കുന്നവർക്ക് മാത്രമേ എന്റെ വില മനസിലാകൂ. എന്നെ വില കല്പിക്കുന്നവർക്ക് എന്നെ വ്യവസ്ഥകളില്ലാതെ സ്നേഹിക്കാൻ സാധിക്കും. അവിടെ നാം അനുഭവിക്കുന്നതാണ് യഥാർത്ഥമായ സന്തോഷം.

സ്നേഹത്തിൽ കുറവ് വരുമ്പോൾ എന്നെക്കുറിച്ചുള്ള മറ്റുള്ളവരുടെ വിലയിരുത്തലും തരംതാണുപോകും എന്നത് സ്വാഭാവികമാണ്. വ്യവസ്ഥകളില്ലാതെ എന്നെ അംഗീകരിക്കാനും സ്നേഹിക്കാനും സാധിക്കുന്നത് ദൈവത്തിനു മാത്രമാണ്. ഇക്കാരണത്താലാണ്, ദൈവസ്നേഹമാണ് എന്റെ പ്രത്യാശയുടെയും സ്നേഹത്തിന്റേയും അടിസ്ഥാനമെന്ന് നാം പറയുന്നത്. ഇത് ലോകത്തിന്റെ അറിവല്ല. വിശ്വാസത്തിൽ നാം തിരിച്ചറിയുന്ന ജീവിത ബോധ്യമാണ്. "ആത്യന്തികമായി, വ്യവസ്ഥകളില്ലാതെ സ്വീകരിക്കപ്പെടുന്നു എന്ന ബോധ്യം നമുക്ക് ആവശ്യമാണ്. ദൈവം എന്നെ അംഗീകരിക്കുമ്പോഴും അതിനെക്കുറിച്ച് ഞാൻ ബോധ്യപ്പെടുമ്പോഴും മാത്രമേ, ഞാൻ തീർച്ചയായും അറിയുന്നു, ഞാൻ നിലനിൽക്കുന്നത് നല്ലതാണ്... മനുഷ്യനായിരിക്കുന്നത് നല്ലതാണ്, ക്ലേശതയുടെ അവസരത്തിൽപോലും. വിശ്വാസം ഒരാളെ ആന്തരികമായ ആഴത്തിൽ നിന്ന് സന്തോഷഭരിതനാക്കുന്നു." (*Pope Benedict XVI, Address to the Roman Curia*, 22 December 2011). ചുരുക്കത്തിൽ,

www.malankaralibrary.com

നിരാശയുടേയും പ്രത്യാശയുടേയും വൈവിധ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുന്ന അനുദിന ജീവിതത്തിൽ നമ്മുടെ ഉള്ളിൽ ആഴത്തിൽ നാം അനുഭവിക്കുന്ന സന്തോഷത്തിന്റെ ഉറവിടം ക്രിസ്തുവല്ലാതെ, മറ്റാരുമല്ല.

## 7. പ്രതിസന്ധികളെ അതിലംഘിക്കുന്ന പ്രത്യാശ

വിവിധങ്ങളായ ജീവിത അനുഭവങ്ങളിലൂടെ ഒരു വ്യക്തി കടന്നുപോകുമ്പോൾ, എവിടെയാണ് ജീവിതത്തിന്റെ മനോഹാരിത? ഞാൻ അനുഭവിക്കുന്ന ജീവിതാനുഭവങ്ങളിൽ തീരുന്നതാണോ ഈ ലോകത്തിലെ എന്റെ ജീവിതം? എന്റെ ജീവിതത്തിന്റെ ലക്ഷ്യം ഏതെങ്കിലും പ്രതിസന്ധിഘട്ടങ്ങളിലോ നിഷേധാത്മക അനുഭവങ്ങളിലോ അവസാനിക്കുന്നതാണോ? ലോകത്തിന്റെ കണ്ണുകളിലൂടെ നോക്കുന്നവർക്കല്ല, മറിച്ച് പ്രത്യാശയുടെ മിഴികളിലൂടെ നോക്കുന്നവർക്കാണ് ജീവിതത്തിന്റെ സൗന്ദര്യം ആസ്വദിക്കാൻ സാധിക്കുക. അതായത്, നാം കടന്നുപോകുന്ന എല്ലാ ജീവിത യാഥാർത്ഥ്യങ്ങളെയും ദൈവപദ്ധതിയുടെ ഭാഗമായി നാം കാണുമ്പോൾ നമുക്ക് മനസ്സിലാകും, തിന്മയുടെ അനുഭവങ്ങളിൽ നിന്നുപോലും നന്മയും സന്തോഷവും ഉളവാക്കുന്ന ഒരു ദൈവം നമ്മുടെ കൂടെയുണ്ട് എന്ന വിശ്വാസസത്യം. എത്ര വലിയ നിരാശയുളവാക്കുന്ന ഏതു പ്രതിസന്ധിയേയും തരണം ചെയ്യാൻ നമ്മെ സഹായിക്കുന്നത് നമ്മുടെ വിശ്വാസ ജീവിതത്തിന്റെ ഈ അടിസ്ഥാന ബോധ്യമാണ്.

## 8. പ്രത്യാശ ഒരു തീർത്ഥാടനം

പ്രിയ യുവജനങ്ങളെ, നമ്മുടെ ഒന്നിച്ചുള്ള ഈ യാത്ര പിന്നിലേയ്ക്കല്ല, മുന്നിലേയ്ക്കാണ്. പ്രത്യാശനിറഞ്ഞ പുതിയ പ്രഭാതങ്ങളിലേയ്ക്കുള്ള പ്രയാണമാണത്. അനുദിന ജീവിതത്തിൽ നാം കണ്ടുമുട്ടുന്ന അനേകം ജീവിതങ്ങൾ പറയുന്ന കഥകളിൽ നിരാശയുടെയും വേദനയുടെയും തകർച്ചയുടെയും അനുഭവങ്ങളുണ്ട്. എന്നാൽ, ഉത്ഥാനത്തിന്റെ കഥ പറയുന്നത് സന്തോഷത്തിന്റേയും പ്രത്യാശയുടേയും അനുഭവങ്ങളാണ്. ക്രിസ്തുവിനെ കണ്ടുമുട്ടുമ്പോൾ നാം അനുഭവിക്കുന്ന സന്തോഷം നമ്മെ പരിവർത്തനപ്പെടുത്തും. അങ്ങനെ, നമ്മുടെ ചുറ്റുപാടുകളെ പ്രത്യാശയുടെ സന്തോഷംകൊണ്ട് നിറയ്ക്കാൻ നമുക്ക് സാധിക്കും. ഇതൊരു തീർത്ഥാടനമാണ്; പ്രത്യാശയിലും സന്തോഷത്തിലുമുള്ള ഒരു യാത്ര; നമ്മുടെ വില നാം കണ്ടെത്തുന്ന പുണ്യയാത്ര. ഈ ലോകത്തിൽ

www.malankaralibrary.com

ഞാൻ ജീവിക്കുന്നത് എന്റെയും മറ്റുള്ളവരുടേയും ആവശ്യമാണെന്ന ബോധ്യം എന്നിൽ ജനിപ്പിക്കുന്ന ജീവിതയാത്രയാണിത്. നമ്മെയും നമ്മുടെ ലോകത്തേയും ദൈവം വ്യവസ്ഥകളില്ലാത സ്നേഹിക്കുന്നു എന്ന് നാം തിരിച്ചറിയുന്നത് ഈ ഒന്നിച്ചുള്ള തീർത്ഥാടനത്തിലാണ്.

## 9. പ്രത്യാശ ഒരു ദൈവീക പുണ്യം

നമ്മുടെ വിശ്വാസത്തെയും സ്നേഹത്തെയും പ്രകാശിതമാക്കുന്ന പുണ്യമാണ് പ്രത്യാശ. എല്ലാ പുണ്യങ്ങൾക്കും മാറ്റുകൂട്ടുന്നതും പ്രത്യാശയാണ്. പ്രത്യാശയില്ലെങ്കിൽ, നാം എപ്പോഴും വിലപിക്കുന്നവരും വേദനിക്കുന്നവരും മാത്രമായിരിക്കും. എന്നിരുന്നാലും, പ്രത്യാശ നമ്മുടെ ഉള്ളിലുള്ളപ്പോൾ, നാം സന്തോഷഭരിതരും ഊർജ്ജസ്വലരുമായിരിക്കും. അതുകൊണ്ട്, യുവത്വത്തിന്റെ പ്രസരിപ്പ് കെട്ടുപോകാതിരിക്കാൻ, യുവജനങ്ങൾ എപ്പോഴും പ്രത്യാശാഭരിതരായിരിക്കണം. പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പാ പറയുന്നു: “പ്രത്യാശ ലളിതമാണ്, ചെറുതാണ്, അതേസമയം അവിഭാജ്യമാണ്.” പ്രത്യാശ നിസാരമായ ഒന്നല്ല, മറിച്ച്, അത് നമ്മുടെ വിശ്വാസ ജീവിതത്തിലെ അവിഭാജ്യ ഘടകമാണ്. പ്രത്യാശ നാളെക്കുറിച്ചുള്ള ശുഭാപ്തി വിശ്വാസം മാത്രമല്ല, നാളെത്തേയ്ക്കുവേണ്ടി ഇന്നത്തെ ക്ലേശങ്ങൾ ഏറ്റെടുക്കാനുള്ള സ്ഥൈര്യവും ഇന്നത്തെ വേദനകളിൽ ജീവിതം അവസാനിപ്പിക്കാതിരിക്കാനുള്ള വിവേകവുമാണ്. ഇന്നത്തെ അദ്ധ്വാനമാണ് നാളെയെക്കുറിച്ചുള്ള പ്രതീക്ഷയെ ബലപ്പെടുത്തുന്നത്. അതിനാൽ, അലസരാകുന്നവർക്ക് പ്രത്യാശയിൽ സന്തോഷിക്കാനാവില്ല.

### a. പ്രത്യാശ ഒളിച്ചോട്ടമല്ല

ദുഃഖവെള്ളിക്കും ഉയിർപ്പ് ഞായറിനും ഇടയിലെ ശനിയാഴ്ചയിലാണ് പ്രത്യാശയുടെ മാറ്റ് നാം കണ്ടെത്തുന്നത്. തന്റെ ദൗത്യം വലിയ വേദനകളുടെ വെള്ളിയാഴ്ച പൂർത്തീകരിച്ചിട്ട് ശനിയാഴ്ച വലിയ ഞായറാഴ്ചയുടെ വരവിനായി യേശു സമാധാനത്തോടെ കാത്തിരുന്നു. ഇതാണ് ക്രിസ്തുവിൽ നാം കാണുന്ന പ്രത്യാശ. ഇത് കഠിനാദ്ധ്വാനത്തിന്റേയും സ്വപ്നങ്ങളുടേയും പ്രത്യാശയാണ്. യുവജനങ്ങൾക്ക് ഇന്ന് ആവശ്യം ഈ പ്രത്യാശയാണ്. അതുപോലെ, ഗദ്സമേനിലെ ക്രിസ്തുവിന്റെ പ്രാർത്ഥനയെ (മത്താ 26:36–46) നിരാശയുടെ വാക്കുകളായി നാം കാണരുത്. “ഈ പാനപാത്രം എന്നിൽ നിന്ന് മാറ്റിത്തരണമെ” (മത്താ 26:39, മർക്കോ 14:36, ലൂക്കാ 22:42) എന്ന ആഗ്രഹം പ്രാർത്ഥന

www.malankaralibrary.com

യുടെ ഒന്നാം ഭാഗം മാത്രമാണ്. അതിന്റെ രണ്ടാം ഭാഗമാണ് ക്രിസ്തുവിലെ വിശ്വാസത്തെ വെളിപ്പെടുത്തുന്നത്: "എങ്കിലും, എന്റെ ഹിതമല്ല അവിടുത്തെ ഹിതം നിറവേറട്ടെ!" പിതാവിന്റെ പദ്ധതിയിൽ തന്റെ സഹനങ്ങളെ ചേർത്തുവയ്ക്കുമ്പോൾ പിതാവിന്റെ രക്ഷാകര പദ്ധതിയാണ് പൂർത്തീകരിക്കപ്പെടുന്നത് എന്ന തിരിച്ചറിവിൽ ക്രിസ്തു സ്വയം സ്വീകരിച്ച പാതയായിരുന്നു കാൽവരിയിലേയ്ക്കുള്ള തീർത്ഥാടനം. ഇതുകൊണ്ടാണ്, ആ തീർത്ഥാടന പാതയിൽ യേശുക്രിസ്തു ശാന്തനായിരുന്നത്.

ക്രിസ്തുവിന്റെ ഉള്ളിലെ പ്രത്യാശയാണ് സഹനത്തിന്റെ നെരിപ്പോടിൽ ശാന്തമായിരിക്കാൻ അവിടുത്തെ സഹായിച്ചത്. കാൽവരിയിൽ തീരേണ്ടതല്ല തന്റെ ജീവിതമെന്നും പാതാളത്തോളം താഴ്ത്തപ്പെട്ടാലും ഉത്ഥാന മഹത്വം സമാഗതമാകുമെന്ന ശുഭാപ്തി വിശ്വാസം ക്രിസ്തുവിന്റെ ഉള്ളിലുണ്ടായിരുന്നു. ദൈവപദ്ധതിയെ തകർക്കാൻ ഒരു ശക്തിക്കും സാധ്യമല്ല. ചിലപ്പോൾ അതിന്റ പൂർത്തീകരണത്തിന് കാലതാമസം വന്നേയ്ക്കാം. ഉയിർപ്പ് നൽകുന്ന പ്രത്യാശയുടെ സന്തോഷം ഉള്ളിലില്ലാത്ത ഒരു വ്യക്തിക്ക് കാൽവരിയിലെ സഹനയാഗം അചിന്ത്യമാണ്. ജീവിത യാഥാർത്ഥ്യങ്ങളിൽ നിന്ന് ഒളിച്ചോടുന്നവർക്ക് ഒരിക്കലും പ്രത്യാശയുടെ സന്തോഷം അനുഭവിക്കാൻ സാധിക്കില്ല.

## b. പ്രത്യാശ നിഷ്ക്രിയത്വമല്ല

നിരാശയുടെ അനുഭവം എത്ര തീവ്രമാണെങ്കിലും ദൈവീക ഇടപെടൽ എപ്പോൾ വേണമെങ്കിലും ഉണ്ടാകും എന്ന ബോധ്യം ക്രിസ്തീയ പ്രത്യാശയുടെ അടിസ്ഥാനമാണ്. നമ്മുടെ ചുറ്റുപാടുമുള്ള വേദനാജനകമായ അനുഭവങ്ങളെ പരിവർത്തനപ്പെടുത്താനുള്ള ദൈവനിയോഗത്തിൽ നിന്ന് ഒളിച്ചോടാനായി പ്രത്യാശ എന്ന പുണ്യത്തെ നാം ഉപയോഗിക്കരുത്. നമ്മുടെ പരിശ്രമങ്ങളൊക്കെ നിഷ്ഫലമാണെന്ന ചിന്ത നമ്മെ അലസരും നിഷ്ക്രിയരുമാക്കും. പ്രത്യാശയിൽ ദൈവപദ്ധതിയോട് ക്രിയാത്മകമായി സഹകരിക്കാനുള്ള നമ്മുടെ വിളിയും ഉൾച്ചേർന്നിട്ടുണ്ട്. നമ്മുടെ അദ്ധ്വാനങ്ങളെ പൂർണതയിലെത്തിക്കുന്ന ഒരു ദൈവമുണ്ടെന്ന ബോധ്യമാണ് പ്രത്യാശയിൽ സന്തോഷം ഉളവാക്കുന്നത്. അതുകൊണ്ട്, പരിശുദ്ധാത്മാവിനോട് ചേർന്നു നിന്ന് ലോകത്തെ നന്മയിലേയ്ക്ക് ആനയിക്കാനുള്ള പരിശ്രമത്തിൽ യുവജനങ്ങൾ ഒരു സഭയായി ഈ ലോകത്തിൽ പ്രവർത്തിക്കണം.

www.malankaralibrary.com

## c. പ്രത്യാശ പ്രകാശമാണ്

അന്ധകാരത്തിൽ ഒരു വസ്തുവിനെയോ വ്യക്തിയോ നോക്കുന്നതു പോലെയല്ല, പ്രകാശത്തിൽ കാണുന്നത്. പ്രകാശത്തിൽ നാം ലോകത്തെ നോക്കുമ്പോൾ നമ്മുടെ ഉള്ളിൽ പ്രകാശം നിറയുക മാത്രമല്ല, പ്രകാശത്തിന്റെ പ്രവർത്തികൾ ചെയ്യാനുള്ള ഊർജ്ജവും നമുക്ക് ലഭിക്കുന്നു. പ്രത്യാശയോടെ നാം ചെയ്യുന്ന പ്രവർത്തികളിലൂടെ നമ്മുടെ ചുറ്റുപാടിലും പരക്കുന്ന പ്രകാശത്തെക്കുറിച്ച് ക്രിസ്തു ഗിരിപ്രഭാഷണത്തിൽ പഠിപ്പിക്കുന്നുണ്ട് (മത്താ 5:16). അതുകൊണ്ട്, നിരാശാജനകമായ സാഹചര്യങ്ങളിൽ പ്രത്യാശയുടെ ഉൾക്കാഴ്ചയോടെ ചുറ്റുപാടും നോക്കി കാണാൻ നമുക്ക് സാധിക്കണം. ഉത്ഥിതനായ ക്രിസ്തുവിനെ കണ്ടുമുട്ടുമ്പോൾ നമ്മുടെ ഉള്ളിൽ നിറയുന്ന പ്രത്യാശയാണ് നമ്മുടെ ജീവിത വെളിച്ചം. ഈ വെട്ടമാണ് സ്വയം കാണാനും മറ്റുള്ളവരെ കാണാനും നമ്മെ സഹായിക്കുന്ന പ്രത്യാശയുടെ പ്രകാശം. നമ്മെ "പ്രകാശത്തിന്റെ മക്കൾ" (യോഹ 12:36) ആക്കുന്നതും ഈ പ്രത്യാശയാണ്.

## d. പ്രത്യാശ പങ്കുവയ്ക്കലാണ്

പീഢാനുഭവ കാലത്ത് ശിഷ്യന്മാരുടെ ഉള്ളിൽ നിറഞ്ഞ ഭയവും നിരാശയും അവരെ തങ്ങളുടെ ജീവിതത്തിലേയ്ക്ക് തന്നെചുരുങ്ങാനും നിയോഗത്തിൽ നിന്ന് ഓടിയൊളിക്കാനുമാണ് പ്രേരിപ്പിച്ചത്. എന്നാൽ, പന്തക്കുസ്താ അനുഭവം അവരുടെ ഉള്ളിൽ പ്രത്യാശ നിറച്ചപ്പോൾ അവർ അനുഭവിക്കുന്ന ആത്മീയ സന്തോഷം ലോകത്തോട് പങ്കുവയ്ക്കാൻ അവർ പുറത്തേയ്ക്ക് ഇറങ്ങി. പ്രത്യാശയുടെ സന്തോഷം പങ്കുവയ്ക്കാതിരിക്കാൻ അവർക്കാവില്ല. പീഢനങ്ങൾക്കോ മരണത്തിനോ അവർ അനുഭവിക്കുന്ന സന്തോഷം പങ്കുവയ്ക്കുന്നതിനെ തടയാനായില്ല. ദൈവാലയങ്ങളിലോ പ്രാർത്ഥനാ സങ്കേതങ്ങളിലോ മാത്രമല്ല, തടവറകളിലും തെരുവീഥികളിലും ചന്തകളിലും ചായപീഠികകളിലും അവർ സന്തോഷത്തിന്റെ സദ്വാർത്ത പങ്കുവച്ചു. ഉത്ഥിതനായ ക്രിസ്തുവിനെ കണ്ടുമുട്ടുമ്പോഴും പരിശുദ്ധാത്മാ അഭിഷേകം പ്രാപിക്കുമ്പോഴും പങ്കുവയ്ക്കലിന്റെ ഉന്മാദത്തിലാകുന്ന ശിഷ്യന്മാരെക്കുറിച്ചാണ് അപ്പസ്തോല പ്രവർത്തനങ്ങളിൽ നാം വായിക്കുന്നത്.

## e. ഉപവി പ്രവൃത്തികളിൽ ജീവിക്കുന്ന പ്രത്യാശ

പ്രത്യാശ നാം ജീവിക്കുന്നത് സ്നേഹത്തിലും, അത് അലങ്കരിക്കപ്പെടുന്നത് പുണ്യപ്രവർത്തികളാലുമാണ്. ഉപവി പ്രവർത്തികൾ ക്രിസ്തീയ

www.malankaralibrary.com

പ്രത്യാശയുടെ പ്രകടമായ അടയാളങ്ങളാണ്. നാം ക്രിസ്തുവിൽ അനുഭവിക്കുന്ന പ്രത്യാശ അത് നമ്മുടെ ചുറ്റുപാടും നിരാശയുടെ സാഹചര്യത്തിൽ ജീവിക്കുന്ന സഹോദരങ്ങളുടെ ജീവിതത്തിൽ വെളിച്ചമാകുന്നത് നമ്മളിലൂടെ നിവർത്തിയാകുന്ന ഉപവി പ്രവർത്തികളിലൂടെയാണ്. അങ്ങനെയാണ്, പ്രത്യാശ ഇന്നിന്റെ വെളിച്ചമാകുന്നത്. ഇക്കാരണത്താലാണ്, യുവജനങ്ങൾ സാഹോദര്യത്തിന്റെയും ദൈവകരുണയുടേയും പ്രവൃത്തികളിൽ പങ്കാളികളാകണമെന്ന് സഭ അനുശാസിക്കുന്നത്.

## f. പ്രത്യാശ ജീവിതത്തിന് രുചിയാണ്

ജീവിതം ആസ്വദിക്കാൻ, രുചികരമായ ഭക്ഷണം. പുത്തൻ വാഹനം, നിറമേറിയ വേഷങ്ങൾ, ത്രസിപ്പിക്കുന്ന കായിക വിനോദങ്ങൾ, സിനിമ, എന്നിവ അന്വേഷിച്ച് ഏറെ പരക്കം പായുന്നവരാണ് യുവജനങ്ങൾ. ആസ്വാദനത്തിനായി നാം തെരഞ്ഞെടുക്കുന്ന ഇപ്രകാരമുള്ള കാര്യങ്ങൾ കുറച്ചു കഴിയുമ്പോൾ പകരുന്നത് വിരസതയാണ്, കാരണം, അത്തരം സാധനങ്ങൾക്ക് നമുക്ക് നിത്യമായ സാക്ഷാത്ക്കാരം നൽകുകയുമില്ല കഴിയുകയുമില്ല. ജീവിതത്തിന്റെ രുചി കണ്ടെത്താൻ ഓടിനടന്നിട്ട് അവസാനം നിരാശരായി മടങ്ങിവരുന്ന യുവജനങ്ങൾ നമുക്ക് ചുറ്റുമുണ്ട്. അപ്പോൾ എവിടെയാണ് നാം ജീവിതത്തിന്റെ യഥാർത്ഥമായ രുചി കണ്ടെത്തുന്നത്? പരി. ഫ്രാൻസിസ് മാർപാപ്പാ പ്രത്യാശയെ ജീവിതത്തിന്റെ രുചിയായിട്ടാണ് വിശേഷിപ്പിച്ചത്. "പ്രത്യാശ നമ്മുടെ അനുദിന ജീവിതത്തിലെ ഉപ്പാണ്." ജീവിതാനുഭവങ്ങൾക്ക് രുചി പകരുന്നത് പ്രത്യാശയാണ്. യുവത്വത്തിന് രുചിപകരാൻ പ്രത്യാശ അനിവാര്യമായ പുണ്യമാണ്. നമുക്ക് എങ്ങനെയാണ് പ്രത്യാശയില്ലാതെ ജീവിക്കാൻ സാധിക്കുക? പ്രത്യാശയില്ലാത്ത ഒരു വ്യക്തിക്ക് ജീവിതം ക്ലേശകരമായിരിക്കും. സുഖദുഃഖ സമ്മിശ്രമായ ജീവിതാനുഭവങ്ങളിൽ ആനന്ദം കണ്ടെത്താൻ നാം പ്രത്യാശയുടെ മനുഷ്യരാകണം.

## 9. ഓർക്കാം...

പ്രത്യാശയുടെ തീർത്ഥാടനം ഒരു വിളിയാണ്; അതിലുപരി അതൊരു വെല്ലുവിളിയാണ്. ഒരു സഭയായി യുവജനങ്ങൾ ഒന്നിച്ചു നടത്തേണ്ട തീർത്ഥാടനമാണിത്. പ്രത്യാശ നാളേയ്ക്കു വേണ്ടിയുള്ള കാത്തിരിപ്പല്ല, മറിച്ച്, ഇന്നത്തെ പ്രകാശമാണ്. ഇന്നിന്റെ ഊർജ്ജമാണിത്. ഇന്നത്തെ സന്തോഷമാണിത്. ക്രിസ്തുവിന്റെ യുവജനങ്ങൾക്ക് ലഭിച്ചിരിക്കുന്ന വിളി പ്രത്യാശയുടെ പ്രവാചകരാകുക എന്നതാണ്.

www.malankaralibrary.com

### 10. മുന്നേറാം...

ലോകത്തിന്റെ പ്രകാശമായ ക്രിസ്തുവിനെ ഉള്ളിലെ പ്രത്യാശയായി സ്വീകരിക്കാൻ...

സുഖ-ദുഃഖ സമ്മിശ്രമായ ലോകത്തിൽ പ്രത്യാശയുടെ പ്രവാചകരാകാൻ...

ഇരുളടഞ്ഞ പാതകളിൽ പ്രത്യാശയുടെ നുറുങ്ങുവെട്ടമാകാൻ...

തിന്മയുടെ ലോകത്തിൽ നന്മയുടെ പ്രകാശഗോപുരമാകാൻ...

പ്രത്യാശ പങ്കുവയ്ക്കുന്ന പ്രകാശത്തിന്റെ മക്കളാകാൻ...

മറ്റു ജീവിതങ്ങൾക്ക് രുചിപകരുന്ന ഉപ്പാകാൻ...

അപരന് വഴികാട്ടിയാകുന്ന വെളിച്ചമാകാൻ...

**നമുക്ക് പ്രത്യാശയുടെ തീർത്ഥാടകരാകാം**

www.malankaralibrary.com

# Youth, Pilgrims of Hope

The drastic effects on human minds, created by wars and natural calamities that disorder the beautiful world created by God are more severe than we think. The world has not yet relieved from the impacts of COVID -19 pandemic. The truth is that the clouds of despair, that filled in human hearts during the Covid period, have not yet disappeared. It is the young mind that were more affected by this despair. In this context, Holy Father Pope Francis exhorted in the message given on 38th world Youth Day in the year 2023 that youth, who are the hope of Church and society have to become pilgrim who 'rejoice in hope.'

Christian life is rooted in Christ, sustained in hope and lived in love and Charity. It is full of hope, with its foundation in the risen Christ. Among the divine virtues, hope is a timely relevant virtue. The theme for guiding the youth activities in the Malankara Syrian Catholic Church in 2024 is 'Youth, Pilgrims of Hope.' This means that hope should prevail in the journeying together (Synodality) of the youth who ought to light the contemporary world. The goal of their pilgrimage together is to be Joy filled with hope.

## 1. The foundation of Hope is Christ

The world that we live is a complex one with mixed emotions. On the one hand, there are realties that stir the hopes and dreams of young people: the splendour of God's creation, our relationships with friends and loved ones, our encounters with art and culture, science and technology, and our efforts to work for peace, justice and fraternity, among other things. On the other hand, there are tough life experiences that pull one into deep despair, fear and depression, such as wars,

www.malankaralibrary.com

violent conflicts, bullying and other kinds of hardships. It is these contradictory life experiences that compel youth to raise the question, "where is hope?" A question asked by Job who went through the furnace of suffering and resonated with many youths, "Where then is my hope? Who will see my hope?" (Job 17:15).

The experience of being within the prison of darkness evokes the thought that rays of hope will not rise in our lives. The increase in suicide among the youth is a visible sign of bitter disappointment. Our youth quickly decide to end their life, having lost the dream of hoping for tomorrow.

It is in solitude that we experience the intensity of despair: with no one to talk or to listen to us. The experience of loneliness in the crowd drags us into suffocating despair. Pope Benedict XVI says: "When no one listens to me anymore, God still listens to me. When I can no longer talk to anyone or call upon anyone, I can always talk to God" (Pope Benedict XVI, *Spe Salvi*, 32). There is God who listens to me and talks with me in any context. It is God whom I meet at the end of my thoughts and imaginations. The is the foundation of our Hope.

Christ was born as the golden light of hope in a world that was in the darkness of sin. It is Christ, fully God and fully man, who showers the rays of hope in our hearts. The hope instilled in us by Christ, who is powerful to transform any situation and experience of despair, gives us eternal bliss. Hence the Church teaches that Christ is the foundation of our hope.

To possess hope in Christ youth should focus on Him. We shall not keep our eyes open to the destruction and wickedness of the world. Rather, our vision should be fixed on Christ, who is powerful enough to transform everything. We have to believe firmly that there is a power in Christ, who conquered sin, death and Satan through the eternal sacrifice offered on Calvery, that can transform all negative experiences; a God who breaks all tombs that build fortress to darkness. He is not far, but

www.malankaralibrary.com

near. He is Emmanuel. Hence Pope Francis, in his message, reminds all young people: “Jesus makes his presence felt amid these crosses borne by young people; he offers them his friendship, his consolation and his healing companionship.” Christ is with us in all situations that the youth confront, even if they are too hard, as a friend. He consoles us and fortifies us in our journey ahead. Nothing else but this is our hope.

## 2. Prayer is the Setting of Hope

Only those who encounter risen Christ can grow in the experience of hope. It is in the prayer that we recognize and experience the active presence of Christ in the world. The setting of hope is always prayer. In fact, the reason why one cannot come out of despair is the absence of prayer. Those who forsake God and divine activities can never encounter Christ or overcome the challenges with hope. In this era, the reason for slipping and falling into despair for the youth is nothing but the absence of a prayer life.

We may have community prayer at our parish churches as well as at home, but do we have personal prayer?  It is a dialogue between Christ and myself. In fact, the spiritual convictions are evolved only if I have personal prayer along with community prayers. It is to be remembered that most of our challenges in life are very personal and it should be faced by the person himself but with spiritual convictions. It is the love bond with Jesus, nurtured through personal prayer, that helps us to confront any difficult situations and equips us to transform any experience of despair into hope and joy. Unfortunately, the people of new generation are easily distracted from a life of silence and personal prayer. So, let us find time every day to build a personal relationship with our Lord Jesus Christ through personal spiritual activities.

## 3. Discover ourselves in Christ

In order to rejoice in hope, each person should encounter Christ personally. Sometimes, convictions are likely to decrease if one flows

www.malankaralibrary.com

with the crowd. This encounter is not only about discovering Christ but also a process of discovering ourselves in Christ. We see that many youths encounter Christ but return to their old lives without discovering themselves in Him. In Gospels we read about the rich young man who encountered Christ during his public ministry (Mt. 19:16-30). He, who was hesitant to undergo self-discovery in Christ, walked away from that life-changing encounter. He could not comprehend the truth that Jesus spoke - that he has more value than the wealth he considered to be precious in life. He neglected like grass the precious words of Jesus to renounce what was, in truth, ~~which are~~ valueless in life. Today, too, youths easily succumb to such temptations.

The only person who lived fully as a human in this world without the stains of sins is Christ, the perfect God. We find the real man in Christ. That is, man who lives in situations of sin has to look to Christ to discover his identity. We have to discover ourselves in Christ. The proper answer to the philosophical question, 'who am I?' is that each man is nothing but another Christ (*Alter Christus*), that means each man is made in the image of Christ. When we reflect it little deeper, it is clear that another Christ is Christ himself (*Alter Christus ipse Christus*). God chose us his sons in Christ (Eph 1:3-4). Young people who lost their sense of identity in life should definitely find their image in Christ. For that, be ready to return to Christ.

## 4. Hope, a call to become new creation.

A person who discovers oneself cannot but become a new creation. Whenever one looks at Christ, he/she can find a gap between what I am and what I have to be. In fact, it is our self-discovery in Christ. This realization is the first step toward self-transformation. Put in another way, those with a mindset for self-transformation can discover themselves in Christ. This means that those who recognize the need for integral transformation in their life-routine but cannot accept it may walk back to their old life.

www.malankaralibrary.com

The prophets of hope are not those who walk back due to a sense of loss but walk ahead in hope. In the history of the Church, we can see many who enlightened the surroundings of their life with the light of hope. In the history of modern era, Mother Teresa, honoured by the whole world, was a star that shone like a little lamp in the darkness of despair. That young girl was surrounded by the presence of wombs that denied the right to be born, orphans who could not find space in the love of parents, and old people exhausted on the streets - stark realities of life capable enough to instill despair within her. Perhaps, if she had focussed only on those things, she would also fallen into darkness of despair. But her eyes were focussed on the Christ who is broken every day in the Altar. In silent prayer, she discovered herself in Christ. She recognized the 'call with in the call' to become a beacon of hope in the darkness of despair. Since then, she was doing the pilgrimage of hope through the streets of Calcutta, spreading the joy of hope in many lives. This is what we say to be new creation in Christ.

## 5. Rejoice in Hope (Rom 12:12)

The plot of the story of Chapter 12 of Letter to the Romans is the exhortation of St. Paul to the Church in Roma regarding the new life-style to be followed in the new life routine began in Christ. The life we have is God's mercy given to us. Remembering this divine mercy, we have to lead life without conformity to the world. In this exhortation, we see St. Paul's conviction that a life that indulges in worldly pleasures would not be pleasing to God: "Do not be conformed to this world, but be transformed by the renewal of your mind" (Rom 12:2). Only those who overcome the temptation to conform with the world can enjoy the heavenly happiness. To rejoice in hope, we should always stand against those powers of the body which pull us into despair and the feeling of lost.

St. Paul gives this exhortation to the Church of Rome to encourage an ecclesial community undergoing severe persecution. When thinking

www.malankaralibrary.com

humanly, it is quite natural for them to resonate in their hearts the question, 'where is real happiness?' as they undergo the persecution of throbbing pain in the body and confront death face to face. For this, his answer is "rejoice in hope." When the youth gathered in Madrid in 2011, Pope Benedict XVI asked the same question to the young people: "Where does joy come from? How is it to be explained?" The Pope's answer is also clear: "Certainly, there are many factors at work here. But the crucial one is this certainty based on faith: I am wanted. I have a task in history. I am accepted, I am loved." The realization that I have a mission to fulfill in this world guides me to the conviction that it is the need of others that I should exist. The hope that each one has to keep in heart is that I have to be in this world in any circumstance.

I am not unwanted. My being in this world is not accidental; rather, it is part of the divine plan. I am wanted by God, my brothers and sisters, my friends, my companions, my colleagues, my neighbours, and all whom I meet. The joy that fills in me when I am acceptable to others and loved by others is the happiness in hope. In short, happiness in me becomes perfect when I am valued.

## 6. Hope that blossoms in Love

Can individuals, things, incidents of this world determine the price of me, who is created in the image and likeness of God? What sets my price? Is it the smart phone that I use or motorcycle or Car that I ride? If the answer is yes, then, when such things are not received or lost, young people will be filled with great disappointment. The young people who quarrel with their parents for material things and end their lives, value life less than the material things they are willing to die for. Saying 'no' to one's life because love is not received from the loved ones, or as they are lost forever, the youth leave scars of pain that can never be healed in the hearts of their loving parents and brothers. In fact, the truth is that the beacon of hope inside such young people is fading. The

www.malankaralibrary.com

youth should always ask themselves that can those who love me for the sake of need determine the value of my life? Can they love me without limitations or conditions? Is my life finished, when such love is not received?

It is Christ who sets the perfect price and perfectly loves the person that I am. That is why St. Paul, the Apostle, speaks to Ephesians eloquently about, "the love that encompasses knowledge" (Eph 3:19). The real happiness sprouts from pure love. Happiness will be imperfect in relationships and experiences without love. Only those who love me can value myself. Those who value myself can love me without conditions. It is the real happiness that we experience there.

It is natural that when others' love for me diminishes, they value me less than what I am. Only God can accept and love me unconditionally. Because of this, we say that God's love is the foundation of my hope and love. This is not worldly knowledge, but a life conviction that we recognize in faith. "Ultimately, we need a sense of being accepted unconditionally. Only if God accepts me and I become convinced of this, do I know definitively: it is good that I exist… It is good to be a human being, even in hard times. Faith makes one happy from deep within" (*Pope Benedict XVI, Address to the Roman Curia*, 22 December 2011). In short, in daily life that gives different experiences of despair and hope, the source of happiness that we enjoy in our depth is nothing but Christ.

## 7. Hope that overcome Challenges

Amidst the different life experiences that a person undergoes, where is the beauty of life? Does my life in this world end with my life experiences? Does my life's purpose end in times of crisis or experiences of negativity? Only those who look through the eyes of hope and not of the world can enjoy the beauty of life. That means, when we look at all life realities that we undergo as part of God's plan, then we can understand the truth of faith that God, who can generate goodness and happiness even

www.malankaralibrary.com

from the experiences of evil, is with us. This fundamental conviction of our faith life helps us to overcome any challenge that create any amount of despair.

## 8. Hope is a Pilgrimage

Dear youth, our journeying together is not backward but always forward. It is a pilgrimage to the new dawn of hope. There are experiences of disappointment, collapse, and pain in the stories told by many lives that we encounter daily. But the story of resurrection only speaks about the experiences of happiness and hope. The happiness that we experience in encountering the risen Christ transforms us. Thus, we can fill our surroundings with the joy of hope. It is a pilgrimage; a journey in hope and happiness; a pilgrimage of discovering our worth. It is a life journey that instils in me the conviction that my living in this world is a need for myself and others. It is in this pilgrimage together that we realize that God loves us and our world without conditions.

## 9. Hope is a Divine Virtue

Hope is a virtue that enlightens our faith and love. It is the hope that gives splendour to all other virtues. Without hope, we will always be mourning and aching. However, when there is hope in us, we will be cheerful and energetic. Hence, not to lose the radiance of youthhood, youth should be always full of hope. Holy Father Pope Francis says: "Hope is humble, little, yet essential." Hope is not simple one; rather, it is an unavoidable element of our faith life. Hope is not only of tomorrow, but also the courage to face the troubles of today for tomorrow and a prudence of not ending life amidst of today's pains. Today's hard work fortifies tomorrow's hope. So those who are lazy cannot enjoy happiness in hope.

### a. Hope is not running away

To find the quality of hope, look at Holy Saturday, which comes between Good Friday and Easter Sunday. After completing his mission on the

www.malankaralibrary.com

painful Friday, Jesus waited peacefully on Saturday for the dawn of the great Sunday. This is the hope that we see in Christ. It is a hope of hard work and dreams. This is the hope needed for youth today. Likewise, the prayer of Jesus at Gethsemane (Mt 26:36-46) shall not be taken as words of disappointment. The desire that "Let this cup pass from me" (Mt 26:36; Mk 14:36; Lk 22:42) is only the first part of prayer. It is in its second part that shows the hope that is in Christ: "Nevertheless, not as I will, but as you will." The pilgrimage to Calvery is a path that Jesus has voluntarily chosen, realizing that when his sufferings are attached to the plan of Father, the salvific plan of Father is fulfilled. This is why Jesus Christ was clam on this pilgrimage route.

It was the hope inside that helped Christ to be calm within the flames of suffering. Jesus knew that his life would not end at Calvary and even when it had to be brought down to the bottom of hell, the glory of resurrection would arrive in due time. No power can destroy the plan of God. Sometimes, there may be delay in its completion. A person can never think of sacrifice at Calvery if there is no happiness of hope given by the Resurrection. Those who run away from the realities of life can never enjoy the happiness of hope.

## b. Hope is not inactivity

The foundation of Christian hope lies in the conviction that God's intervention can take place at any time, even when the experience of disappointment is intense. We shall not use the virtue of hope to escape from the divine mission of transforming the painful experiences in our surroundings. The thought that our efforts are in vain make us lazy and passive. Our call to cooperate with the divine plan creatively is included in hope. It is the conviction that there is a God who perfects our labours that generates happiness in hope. Hence, youth should work in this world as a Church, in our efforts together with Holy Spirit, to lead the world to goodness.

www.malankaralibrary.com

## c. Hope is Light

To look at a thing or person in light is not the same as looking at it in darkness. When we look at the world in light, not only does light fill us inside, but we also receive the energy to do the works of light. Jesus, in the Sermon on the Mount, teaches about the light that radiates around us through our deeds with hope (Mt 5:16). Hence, in the situations of disappointment, we could look around with the insight of hope. The hope that fills us while encountering the risen Christ is the light of our life. This is the light of hope that helps us see ourselves and others. It is this hope that makes us "sons of light" (Jn 12:36).

## d. Hope is Sharing

The fear and despair filled the hearts of the disciples during Paschal events inspired them to withdraw themselves to their own lives and run away from their mission. However, when the experience of Pentecost filled them with hope they came out to share with the world the spiritual joy that they experienced. They cannot but share the joy of hope. Neither persecution nor death could prevent them from sharing the joy that they experienced. Not only in churches and places of worship but they shared the Good News of joy in prisons, streets, market places, and tea shops. We read in the Acts of Apostles about the disciples who were in ecstasy of sharing when encountering risen Christ and receiving the anointing by the Holy Spirit.

## e. Hope lived in Charity

We live hope in love, and that should be adorned with virtuous acts. Acts of charity are the visible signs of Christian hope. When the works of charity are accomplished through us, the hope that we experience in Christ becomes a light in the lives of our brethren who lives in situations of despair. It is thus hope becomes the light of today. It is for this reason that the church exhorts the youth to participate in the works of fraternity and divine mercy.

www.malankaralibrary.com

## f. Hope is the taste of life

Youth are wandering to enjoy life, seeking tasty food, new vehicles, colourful dresses, interesting sports, cinema, etc. Such things that we select for enjoyment eventually become boring after some time since those things do not and cannot give us lasting fulfilment. There are youth around us who, in the end, return in despair after wandering to find taste in life. Then, where do we find real taste of our life? Holy Father Pope Francis qualifies hope as the taste of life. "Hope is the salt of our daily lives." It is hope that gives taste to life experiences. To make youthhood savour the virtue of hope is unavoidable. How can we live without hope? Life becomes hard for a person who has no hope. We have to become people of hope to find happiness amidst of life experiences, mixed with joy and sorrow.

### 10. Let us Remember

The pilgrimage of hope is a call; moreover, it is a challenge. It is a pilgrimage of the youth that has to be undertaken as a Church. Hope is not just the expectation for tomorrow but the light of today. It is the energy of today. It is today's happiness. The call of Christ's youth is to become prophets of hope.

**Go ahead…**

Receive Christ, the light of the world, as our hope inside…

Become the prophets of hope in the world of joy and sorrow…

Become the beacons of hope in the paths of darkness…

Become the lighthouse of goodness in the world of evils…

Become the sons of light to share the hope…

Be the salt that gives taste to others' life…

Be guiding lights to others…